# സംസ്ഥാനത്ത് മൂന്ന് നീര പ്രോജക്ടുകൾക്ക് അനുമതി

കൊച്ചി: വൈവിധ്യമാർന്ന കേരോത്പന്നങ്ങളുടെ നിർമാണവും സംസ്കരണവും ഗവേഷണവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നാളികേര ടെക്നോളജി മിഷൻ പദ്ധതിയുടെ 43-ാമത് പ്രോജക്ട് അപ്രൂവൽ കമ്മിറ്റി 36.46 കോടി രൂപയുടെ 27 പ്രോജക്ടുകൾക്ക് അനുമതി നൽകി. ഇതിനായി 6.61 കോടി രൂപയുടെ സബ്സിഡിയും അനുവദിച്ചു. ഇതിൽത്തന്നെ ആറു ഗവേഷണ പദ്ധതികളും നാളികേര സംസ്കരണവും ഉത്പന്ന വൈവിധ്യവത്കരണത്തിനു കീഴിൽ 21 പദ്ധതികളും ഉൾപ്പെടുന്നു.

നാളികേര വികസനബോർഡ് ചെയർമാൻ ടി.കെ. ജോസ് അധ്യക്ഷനായ പ്രോജക്ട് അപ്രൂവൽ കമ്മിറ്റി കൊച്ചിയിൽ നടത്തിയ പദ്ധതികളുടെ വിശകലനത്തിനുശേഷമാണ് ഇതു സംബന്ധിച്ച തീരുമാനമെടുത്തത്. ഇതിൽ സംസ്ഥാനത്തെ നാളികേര ഉത്പാദക കമ്പനികൾ സമർപ്പിച്ച മൊത്തം 12.79 കോടിയുടെ മൂന്ന് പദ്ധതികൾ 1.19 കോടിയുടെ സബ്സിഡിയോടെ അനുവദിച്ചിട്ടുണ്ട്.

നാളികേര സംസ്കരണവും ഉത്പന്ന വൈവിധ്യവത്കരണവും എന്ന ഉപഘടകത്തിനുകീഴിൽ 26000 ലിറ്റർ നീര പ്രതിദിനം സംസ്കരിച്ചെടുക്കാൻ ശേഷിയുള്ള മൂന്ന് നീര പ്രോജക്ടുകൾക്കും 1,60,000 നാളികേരം ദിവസേന സംസ്കരിച്ചെടുക്കാൻ ശേഷിയുള്ള ആറു ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ നിർമാണ യൂണിറ്റുകൾക്കും 15000 നാളികേരം ദിവസേന സംസ്കരിച്ചെടുക്കാവുന്ന രണ്ടു വെർജിൻ കോക്കനട്ട് ഓയിൽ യൂണിറ്റുകൾക്കും ദിവസേന 20000 നാളികേരത്തിൽ നിന്നുള്ള കരിക്കിൻവെള്ളം സംസ്കരിച്ച് പാക്ക് ചെയ്ത് സൂക്ഷിക്കാവുന്ന രണ്ട് യൂണിറ്റുകൾക്കും പ്രതിദിനം 46 മെട്രിക് ടൺ ചിരട്ട സംസ്കരിച്ചെടുക്കാൻ ശേഷിയുള്ള മൂന്ന് യൂണിറ്റുകൾക്കും 43.60 ലക്ഷം നാളികേരം പ്രതിവർഷം സംസ്കരിച്ചെടുക്കാൻ ശേഷിയുള്ള നാല് കൊപ്ര/ഉണ്ടക്കൊപ്ര യൂണിറ്റുകൾക്കും 40000 നാളികേരം ദിവസേന സംസ്കരിച്ചെടുക്കാവുന്ന ഒരു ഇന്റഗ്രേറ്റഡ് കോക്കനട്ട് പ്രൊസസിംഗ് യൂണിറ്റിനുമാണ് അനുമതി നൽകിയത്.

കേരളത്തിൽ 26000 ലിറ്റർ നീര പ്രതിദിനം സംസ്കരിച്ചെടുക്കാൻ ശേഷിയുള്ള മൂന്ന് നീര പ്രോജക്ടുകൾക്കും 40000 നാളികേരം ദിവസേന സംസ്കരിച്ചെടുക്കാവുന്ന ഒരു ഇന്റഗ്രേറ്റഡ് കോക്കനട്ട് പ്രൊസസിംഗ് യൂണിറ്റിനും 50000 നാളികേരം ദിവസേന സംസ്കരിച്ചെടുക്കാവുന്ന നാലു ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ നിർമാണ യൂണിറ്റുകൾക്കും 10000 നാളികേരം ദിവസേന സംസ്കരിച്ചെടുക്കാവുന്ന ഒരു വെർജിൻ കോക്കനട്ട് ഓയിൽ യൂണിറ്റിനും ദിവസേന 15000 നാളികേരത്തിൽ നിന്നുള്ള കരിക്കിൻവെള്ളം സംസ്കരിച്ച് പാക്ക് ചെയ്ത് സൂക്ഷിക്കാവുന്ന ഒരു യൂണിറ്റിനും 31.60 ലക്ഷം നാളികേരം പ്രതിവർഷം സംസ്കരിച്ചെടുക്കാൻ ശേഷിയുള്ള രണ്ട് ഉണ്ടക്കൊപ്ര യൂണിറ്റുകൾക്കുമാണ് അനുമതി നൽകിയത്.

പ്രതിദിനം 1,10,000 നാളികേരം സംസ്കരിച്ചെടുക്കാവുന്ന രണ്ട് ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ യൂണിറ്റുകളും പ്രതിദിനം 10 മെട്രിക് ടൺ ചിരട്ട സംസ്കരിക്കാൻ ശേഷിയുള്ള ഒരു ചിരട്ടാധിഷ്ഠിത യൂണിറ്റുമാണ് കർണാടകയ്ക്ക് ലഭിച്ചത്.